**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1761** **09-12-2022 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി മണ്ഡലത്തിലെ കുങ്കിച്ചിറ നവീകരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിലെ കുങ്കിച്ചിറയിലെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കുങ്കിച്ചിറയിൽ നിർമ്മിക്കുന്ന പൈതൃക മ്യൂസിയത്തിന്റെ ഒന്നാം ഘട്ടമായി കെട്ടിടം, ടോയ് ലറ്റുകൾ എന്നിവ നിർമ്മിക്കുകയും ടി കെട്ടിടത്തിൽ ലിഫ്റ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മ്യൂസിയത്തിന് മുന്നിലുള്ള ചിറയുടെ സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും, 160 KWA. ശേഷിയുള്ള ട്രാൻസ്ഫോർമറും, 82.5 KVA ജനറേറ്ററും സ്ഥാപിച്ചിട്ടുമുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.<br><br>പ്രദർശനസംവിധാനം സജ്ജീകരിക്കുന്ന പ്രവൃത്തികൾ മ്യൂസിയം നോഡൽ ഏജൻസിയായ M/s കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന ആരംഭിച്ചിട്ടുണ്ട്. 2023 ജൂൺ മാസത്തോടുകൂടി മ്യൂസിയം പ്രവർത്തന സജ്ജമാക്കി നാടിന് സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു . |
| (ബി) | കുങ്കിച്ചിറ പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുന്നതിനുണ്ടാകുന്ന കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | മ്യൂസിയം കെട്ടിടത്തിന് വനം വന്യജീവി വകുപ്പിന്റെ NOC ലഭിക്കുന്നതിനുണ്ടായ കാലതാമസം, മ്യൂസിയം കെട്ടിടത്തിന് കെട്ടിട നമ്പർ ലഭിക്കുന്നതിലുണ്ടായ സാങ്കേതിക തടസ്സങ്ങൾ, കോവിഡ് കാലത്ത് ഉണ്ടായ പൊതുവായ തടസ്സങ്ങൾ എന്നിവ കാരണമാണ് മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുവാൻ കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (സി) | കാലതാമസം പരിഹരിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | വയനാട് ജില്ലാ കളക്ടർ, മാനന്തവാടി എം.എൽ.എ, വനം വന്യജീവി വകുപ്പ് ഉദ്യോഗസ്ഥർ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ, റവന്യൂ പി.ഡബ്ല്യൂഡി, Habitat, HPL, KSEB, KSIE Ltd – KKD യൂണിറ്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, മ്യൂസിയം വകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്തയോഗം വിളിച്ച് ചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ